**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 259** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യകിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ഭക്ഷ്യകിറ്റിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD FQM Lab, റീജിയണൽ അനാലിറ്റിക്കൽ ലാബ് , മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ |

| | | | |
|---|---|---|---|
| | | | സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്കേർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ എടുത്തുവരുന്നു .കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും മേൽ പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്. |
| (സി) | ഭക്ഷ്യകിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുക്കളുടെ സംഭരണത്തിൽ വ്യാപകമായ അഴിമതി നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൂടാതെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി ( DMC ) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽ നിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ